61

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 MARCH 2024

# ചരിത്രം രചിച്ച് സംരംഭക വർഷം

## രണ്ടാം വർഷത്തിലും ഒരു ലക്ഷം പുതുസംരംഭങ്ങൾ

100,000

ദേശീയതലത്തിൽ എം.എസ്.എം.ഇ മേഖലയിലെ ബെസ്റ്റ് പ്രാക്റ്റീസ് അംഗീകാരം നേടിയ സംരംഭക വർഷം പദ്ധതിയിലൂടെ തുടർച്ചയായ രണ്ടാം വർഷവും കേരളം ഒരു ലക്ഷം സംരംഭങ്ങളെന്ന ലക്ഷ്യം പൂർത്തിയാക്കി. നടപ്പു സാമ്പത്തിക വർഷത്തിൽ സംരംഭക വർഷം 2 പദ്ധതിയിലൂടെ മാത്രം കേരളത്തിൽ കഴിഞ്ഞ 11 മാസത്തിനിടെ 1,00,081 സംരംഭങ്ങൾ ആരംഭിച്ചു. 6712 കോടി രൂപയുടെ നിക്ഷേപവും 2,09,735 തൊഴിലും ഈ 11 മാസക്കാലയളവിൽ കേരളത്തിൽ സൃഷ്ടിക്കപ്പെട്ടു.

2022 മാർച്ച് 30ന് ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത പദ്ധതി വ്യവസായ വകുപ്പിന്റെ അതിവിപുലമായ ആസൂത്രണത്തിലൂടെ കേരളത്തിലെ എല്ലാ എം. എസ്. എം. ഇ. റെക്കോർഡുകളും സ്വന്തമാക്കിയാണ് മുന്നോട്ടു കുതിക്കുന്നത്. 5 ലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ നൽകി, പതിനയ്യായിരത്തിലധികം കോടി രൂപയുടെ നിക്ഷേപം ഉറപ്പ് വരുത്തിയാണ് സംരംഭക വർഷം മുന്നോട്ട് പായുന്നത്.

സംരംഭക വർഷമെന്ന മെഗാ പദ്ധതിയിലൂടെ കഴിഞ്ഞ 23 മാസത്തിനിടെ കേരളത്തിലേക്ക് 15,138.05 കോടി രൂപയുടെ നിക്ഷേപമെത്തിച്ചേരുകയും 5,09,935 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു. ഈ കാലയളവിനുള്ളിൽ എറണാകുളം, കൊല്ലം, തിരുവനന്തപുരം, മലപ്പുറം, തൃശ്ശൂർ, പാലക്കാട് ജില്ലയിൽ ഇരുപതിനായിരത്തിലധികം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, മലപ്പുറം ജില്ലകളിൽ അൻപതിനായിരത്തിൽ അധികമാളുകൾക്കും തൃശൂർ, തിരുവനന്തപുരം, കൊല്ലം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ നാൽപതിനായിരത്തിൽ അധികമാളുകൾക്കും തൊഴിൽ നൽകാൻ സംരംഭക വർഷം പദ്ധതിയിലൂടെ സാധിച്ചു. 76377 സ്ത്രീകളെ സംരംഭകരാക്കി മാറ്റാൻ സാധിച്ചു എന്നത് സംരംഭക വർഷത്തിന്റെ ഉജ്വലമായ നേട്ടങ്ങളിലൊന്നാണ്.

**സംരംഭക വർഷം 2022 – 23**
**1,39,840 സംരംഭങ്ങൾ**

**സംരംഭക വർഷം 2.0 2023 – 24**
**1,00,081 സംരംഭങ്ങൾ***
*2024 മാർച്ച് 13 വരെ

**രണ്ട് വർഷങ്ങളിലെ ആകെ സംരംഭങ്ങൾ**
**2,39,921 സംരംഭങ്ങൾ**

2022 - 23 സാമ്പത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ചുകൊണ്ട് ആരംഭിച്ച പദ്ധതി മികച്ച വിജയം നേടിയതോടെയാണ് 2023 - 24 സാമ്പത്തിക വർഷത്തിലും പദ്ധതി തുടരാൻ തീരുമാനിച്ചത്. സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി നൂതനമായ കൂടുതൽ പദ്ധതികളും സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സംരംഭങ്ങൾക്കായി എല്ലാ പഞ്ചായത്തുകളിലും ഇന്റേണുകളെ നിയമിച്ച് ഹെൽപ് ഡെസ്കുകൾ ആരംഭിച്ചിരുന്നു. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ ക്ലിനിക്കുകളുമുണ്ട്. നാലു ശതമാനം പലിശയ്ക്ക് 10 ലക്ഷം രൂപവരെ വായ്പ ലഭ്യമാക്കുന്ന പ്രത്യേക പദ്ധതിയും നടപ്പാക്കി. കേരളത്തിലെ എംഎസ്എംഇകളിൽ നിന്നു തിരഞ്ഞെടുത്ത 1000 സംരംഭങ്ങളെ ശരാശരി 100 കോടി രൂപ വിറ്റുവരവുള്ള യൂണിറ്റുകളായി 4 വർഷത്തിനുള്ളിൽ ഉയർത്തുന്ന എംഎസ്എംഇ സ്കെയിൽ അപ് മിഷനിലേക്ക് ഇതുവരെ 149 സംരംഭങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്.

# സ്റ്റാർട്ടപ്പുകൾക്ക് കരുത്ത് പകരാൻ

## കെഎസ്ഐഡിസി സ്കെയിൽ അപ് കോൺക്ലേവ്

സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് ബിസിനസ് വിപുലീകരിക്കാനുള്ള പുതിയ പദ്ധതിയുടെ ഭാഗമായി സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെഎസ്ഐഡിസി) സംഘടിപ്പിച്ച **സ്കെയിൽ അപ് കോൺക്ലേവ്** ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. 2024 മാർച്ച് 4 ന് കൊച്ചിയിലെ ഹോട്ടൽ താജ് വിവാന്തയിൽ സംഘടിപ്പിച്ച 'കേരള സ്കെയിൽ അപ് കോൺക്ലേവ്' ൽ 250 ഓളം സ്റ്റാർട്ടപ്പുകൾ പങ്കെടുത്തു. പുതിയ വ്യവസായനയത്തെയും സ്റ്റാർട്ടപ്പുകൾക്കുള്ള ധനസഹായ പദ്ധതിയെയും കുറിച്ച് സംരംഭകർക്ക് അവബോധം നൽകുന്നതിനാണ് കോൺക്ലേവ് ലക്ഷ്യമിട്ടത്.




കേരളത്തിന്റെ വ്യാവസായിക ഭാവി അറിവ് പ്രയോജനപ്പെടുത്തുന്നതിലാണെന്ന് ബഹു. മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ബിസിനസ്സ് സ്കെയിലിംഗിനെ പിന്തുണച്ച്, ഫണ്ടിംഗ് പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനും യുവ പ്രതിഭകൾ പുതിയ സംരംഭങ്ങൾ വേഗത്തിൽ ആരംഭിക്കുന്നത് ഉറപ്പാക്കുന്നതിനും കെഎസ്ഐഡിസിയിൽ ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കും. 2024 ജൂലൈയിൽ നടക്കുന്ന ഇന്റർനാഷണൽ AI കോൺഫറൻസ് ഓൺ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺഫറൻസ് എന്നിവ യുവ പ്രതിഭകൾക്കും സ്റ്റാർട്ടപ്പ് സംരംഭകർക്കും പുതിയ അവസരങ്ങൾ നൽകുമെന്നാണ് പ്രതീക്ഷയെന്നും ബഹു. മന്ത്രി കൂട്ടിച്ചേർത്തു.

നാല് സെഷനുകളായാണ് കോൺക്ലേവ് സംഘടിപ്പിച്ചത്. വ്യവസായ - നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ.എ.എസ്.; കെഎസ്ഐഡിസി ചെയർമാൻ ശ്രീ. പോൾ ആന്റണി; കെഎസ്ഐഡിസി മാനേജിങ് ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്.; കിൻഫ്ര എം ഡി ശ്രീ. സന്തോഷ് കോശി തോമസ്; കേരള സ്റ്റാർട്ട് അപ്പ് മിഷൻ സിഇഒ ശ്രീ. അനൂപ് അംബിക; വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. കെ. എസ്. കൃപ കുമാർ തുടങ്ങിയവർ കോൺ

പി.എം.എഫ്.എം.ഇ

# തിളക്കമാർന്ന നേട്ടത്തിന് മികവാർന്ന പ്രോത്സാഹനം

## പി.എം.എഫ്.എം.ഇ പദ്ധതിക്കായി ഏറ്റവുമധികം വായ്പകൾ നൽകിയ ബാങ്ക് ബ്രാഞ്ചുകളെ ആദരിച്ചു

സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് നോഡൽ ഡിപ്പാർട്മെന്റായി പ്രവർത്തിക്കുന്ന പി.എം.എഫ്.എം.ഇ. പദ്ധതിക്കായി ഏറ്റവുമധികം വായ്പകൾ നൽകിയ വയനാട് ജില്ലയിലെ ബാങ്ക് ബ്രാഞ്ചുകളെ ആദരിച്ചു. വയനാട് ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ബാങ്കേഴ്സ് മീറ്റ് യോഗത്തിലാണ് ബാങ്കുകളെ ആദരിച്ചത്.

പി.എം.എഫ്.എം.ഇ. പദ്ധതിയിൽ ഏറ്റവും കൂടുതൽ വായ്പകൾ നൽകിയ ബാങ്ക് ബ്രാഞ്ചുകളെയും, ജില്ലയിലെ മികച്ച സംരംഭക നഗരസഭ, ബ്ലോക്ക് പഞ്ചായത്ത്, മികച്ച സംരംഭക പഞ്ചായത്ത്, വ്യവസായ വകുപ്പിന്റെ കീഴിലെ സൂക്ഷ്മ ചെറുകിട സംരംഭത്തിനുള്ള പുരസ്കാരം നേടിയവർ എന്നിവരെയും പരിപാടിയിൽ ആദരിച്ചു.

വിവിധ സബ്സിഡി പദ്ധതികളായ പി.എം.എഫ്. എം.ഇ, പി.എം.ഇ.ജി.പി, ഒ.എഫ്.ഒ.ഇ., മാർജിൻ മണി ഗ്രാൻഡ് ടു നാനോ യൂണിറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്ന ജില്ലയിലെ വിവിധ ബാങ്കുകളുടെ സേവനങ്ങളെ അംഗീകരിക്കുന്നതിനും വകുപ്പിന്റെ പുതിയ പദ്ധതികളെ ബാങ്കുകൾക്ക് പരിചയപ്പെടുത്തുന്നതിനുമായാണ് ബാങ്കേഴ്സ് മീറ്റ് സംഘടിപ്പിച്ചത്.






വയനാട് കൽപ്പറ്റ ഗ്രീൻഗേറ്റ്സ് ഹോട്ടലിൽ നടന്ന പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സംഷാദ് മരക്കാർ ഉദ്ഘാടനം ചെയ്തു. കൽപ്പറ്റ നഗരസഭ ചെയർമാൻ ശ്രീ. ടി.ജെ. ഐസക് അധ്യക്ഷനായ പരിപാടിയിൽ മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.ഇ വിനയൻ; സുൽത്താൻ ബത്തേരി നഗരസഭ വൈസ് ചെയർപേഴ്സൺ ശ്രീ. എൽ.സി സാബു; സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി അമ്പിളി സുധി; ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീമതി ലിസിയാമ്മ സാമുവേൽ എന്നിവർ പങ്കെടുത്തു.

# ആഹാർ 2024 ൽ ശ്രദ്ധേയമായി കേരള പവലിയൻ

### ഏഷ്യയിലെ ഏറ്റവും വലിയ ഫുഡ് ആൻഡ് ഹോസ്പിറ്റാലിറ്റി മേളകളിൽ ഒന്നായ ആഹാറിൽ സന്ദർശക പ്രശംസ നേടി കേരള പവലിയൻ



ഏഷ്യയിലെ ഏറ്റവും വലിയ ഫുഡ് ആൻഡ് ഹോസ്പിറ്റാലിറ്റി മേളകളിൽ ഒന്നായ ആഹാർ ന്റെ 38 ആമത് എഡിഷനിൽ സന്ദർശക പ്രശംസ നേടി കേരള പവലിയൻ. ന്യൂഡൽഹിയിലെ പ്രഗതിമൈതാനിയിൽ 2024 മാർച്ച് 07 മുതൽ 11 വരെ സംഘടിപ്പിച്ച മേളയുടെ കേരള പവലിയന്റെ ഉദ്ഘാടനം വ്യവസായ - നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ.സുമൻബില്ലഐ.എ.എസ്.നിർവഹിച്ചു.

കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രാലയത്തിന് കീഴിലെ ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ (ITPO) സംഘടിപ്പിച്ച മേളയിൽ ദേശീയ അന്തർദേശീയ തലങ്ങളിൽ നിന്നായി പതിനഞ്ചായിരത്തിലധികം വ്യാപാരികളാണ് പങ്കെടുത്തത്. കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനാണ് പവലിയൻ ചുമതല ഏകോപിപ്പിച്ചത്. കേരളത്തിൽ നിന്നുമുള്ള 16 ഭക്ഷ്യ സംസ്കരണ യൂണിറ്റുകളാണ് കേരളത്തെ പ്രതിനിധീകരിച്ചു മേളയിലെ കേരള പവലിയനിൽ പങ്കെടുത്തത്. 1 ലക്ഷം സ്ക്വയർ മീറ്റർ ചുറ്റളവിൽ സംഘടിപ്പിച്ച മേളയുടെ പ്രധാന ആകർഷകങ്ങളിൽ ഒന്നായിരുന്നു കേരള പവലിയൻ. ദിവസവും ഏകദേശം പതിനായിരത്തിലധികം ബിസിനസ്സ് സന്ദർശകർ പങ്കെടുത്ത മേളയിൽ സംഘടനാ മികവ് കൊണ്ടും ഉൽപ്പന്ന വൈവിധ്യം കൊണ്ടും കേരള പവലിയൻ സന്ദർശക പ്രശംസ നേടിയിരുന്നു.

> കേരളത്തിൽ നിന്നുമുള്ള 16 ഭക്ഷ്യ സംസ്കരണ യൂണിറ്റുകളാണ് കേരളത്തെ പ്രതിനിധീകരിച്ചു മേളയിലെ കേരള പവലിയനിൽ പങ്കെടുത്തത്.

മികച്ച ഭക്ഷ്യ സംസ്കരണ ഉൽപ്പന്ന പ്രദർശനത്തിന് വഴിയൊരുക്കുക, വിപണി പ്രവണതകൾ വിലയിരുത്തുക, ഹോസ്പിറ്റാലിറ്റി മേഖലയുടെ സാധ്യതകൾ അനാവരണം ചെയ്യുക, സാങ്കേതികവിദ്യകളും ഉൽപ്പന്നങ്ങളും സേവനങ്ങളും പരിചയപ്പെടുത്തുക എന്നിവയായിരുന്നു അഞ്ച് ദിവസങ്ങളിലായി സംഘടിപ്പിച്ച ആഹാറിന്റെ പ്രധാന ലക്ഷ്യങ്ങൾ.




Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.